പത്തനംതിട്ട ജില്ലാ മജിസ്ട്രേറ്റ് കൂടിയായ പത്തനംതിട്ട ജില്ലാ കളക്ടറുടെ നടപടിക്രമം
(ഹാജർ – ഡോ. ദിവ്യ എസ് അയ്യർ ഐ.എ.എസ്)

**Proceedings No:** DCPTA/3182/2021-DM2 തീയതി : 21/10/2021

വിഷയം :- ജില്ലാ ഭരണകൂടം, പത്തനംതിട്ട – ശബരിമല തീർത്ഥാടനം 2021-2022 – നിലയ്ക്കൽ മുതൽ സന്നിധാനം വരെയുള്ള കടകളിൽ മാംസാഹാരം നിരോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയുടെ 28.09.2021 ലെ ജി1-44498/2021/എൻ നമ്പർ റിപ്പോർട്ട്.

കൊവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ച് 2021-2022 കാലയളവിലെ ശബരിമല തീർത്ഥാടനം നടപ്പാക്കുന്നതിൽ ളാഹ മുതൽ സന്നിധാനം വരെയുള്ള കടകളിൽ മാംസാഹാരം നിരോധിക്കണമെന്ന് പരാമർശം (1) പ്രകാരം പത്തനംതിട്ട ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

ശബരിമല തീർത്ഥാടന കാലയളവിൽ ലക്ഷക്കണക്കിന് തീർത്ഥാടകർ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും, വിദേശങ്ങളിൽ നിന്നും ശബരിമലയിൽ എത്തിച്ചേരുന്നു. വ്രതശുദ്ധിയോടും കഠിനമായ വ്രതചര്യകളോടെയും എത്തുന്ന തീർത്ഥാടകർക്ക് മാംസഭക്ഷണം നിഷിദ്ധമാണ്. നിലയ്ക്കൽ, അട്ടത്തോട് തുടങ്ങിയ സ്ഥലങ്ങളിലെ കടകളിൽ മാംസാഹാരം വിൽക്കുന്നതായി മുൻ വർഷങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ഇത്തരത്തിലുള്ള പ്രവൃത്തികൾ തീർത്ഥാടകർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതും, ആചാരാനുഷ്ഠാനങ്ങൾക്ക് വിരുദ്ധവുമാണ്.

ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത സാഹചര്യത്തിൽ പത്തനംതിട്ട ജില്ലാ മജിസ്ട്രേറ്റും പത്തനംതിട്ട ജില്ലാ കളക്ടറും കൂടിയായ ഡോ. ദിവ്യ എസ് അയ്യർ ഐ.എ.എസ് എന്ന ഞാൻ എന്നിൽ നിക്ഷിപ്തമായ 2011 ലെ കേരള പോലീസ് ആക്ടിലെ വകുപ്പ് 80 പ്രകാരം 2021-2022 കാലയളവിലെ ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച്, നിലയ്ക്കൽ മുതൽ സന്നിധാനം വരെയുള്ള കടകളിൽ മാംസാഹാരം നിരോധിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by DR.DIVYA
S IYER IAS
Date:Thu Oct 21 19:26:52 IST
2021
Reason: Approved

ജില്ലാ മജിസ്ട്രേറ്റ് & ജില്ലാ കളക്ടർ

പകർപ്പ് –

1. കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, തിരുവനന്തപുരം
2. ജില്ലാ പോലീസ് മേധാവി, പത്തനംതിട്ട
3. ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ, റാന്നി
4. ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ ടൈഗർ റിസർവ്വ് (വെസ്റ്റ് ഡിവിഷൻ), പീരുമേട്
5. റവന്യൂ ഡിവിഷണൽ ആഫീസർ, തിരുവല്ല/ അടൂർ
6. തഹസിൽദാർ, റാന്നി
7. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), പത്തനംതിട്ട
8. ജില്ലാ ഇൻഫർമേഷൻ ആഫീസർ, പത്തനംതിട്ട
9. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
10. സെക്രട്ടറി, റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത്
11. എക്സിക്യൂട്ടീവ് ആഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, ശബരിമല
12. കരുതൽ ഫയൽ/ അധിക പകർപ്പ്/ ആഫീസ് പകർപ്പ് (ഡി.എം2)

This is an E-Office Document, does not require Signature in ink.